"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല കരീപ്ര ഗ്രാമപഞ്ചായത്ത് അക്കൗണ്ടന്റ് ശ്രീ.അലക്സാണ്ടർ എം, ഹെഡ് ക്ലാർക്ക് ശ്രീമതി.രജനി കെ.ആർ, സീനിയർ ക്ലാർക്കുമാരായ ശ്രീമതി .ജ്യോതി വി.ജി, ശ്രീമതി.ഷൈനി ഇ എന്നിവർക്കെതിരായ അച്ചടക്ക നടപടി - അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.380/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/02/2021

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 14.12.2016 ലെ ഡി6-46327/2013 നമ്പർ നടപടിക്രമം

2 ശ്രീ.അലക്സാണ്ടർ എം ന്റെ 09.01.2017 ലെ അപ്പീൽ അപേക്ഷ

3 ശ്രീമതി.രജനി കെ.ആർ ന്റെ 26.05.2017 ലെ അപ്പീൽ അപേക്ഷ

4 ശ്രീമതി .ജ്യോതി വി.ജി യുടെ 12.06.2017 ലെ അപ്പീൽ അപേക്ഷ

5. ശ്രീമതി.ഷൈനി ഇയുടെ 04.12.2018 ലെ അപ്പീൽ അപേക്ഷ

ഉത്തരവ്

കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിൽ 23.05.2013 മുതൽ 29.11.2013 വരെയുള്ള കാലയളവിൽ നടന്ന ധനാപഹരണവുമായി ബന്ധപ്പെട്ട് പ്രസ്തുത ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്കെതിരെ പഞ്ചായത്ത് ഡയറക്ടർ ആരംഭിച്ച അച്ചടക്ക നടപടി പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (1) നടപടിക്രമം പ്രകാരം തീർപ്പാക്കിയിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ഗ്രാമപഞ്ചായത്ത് അക്കൗണ്ടന്റ് ശ്രീ.അലക്സാണ്ടർ എം, ഹെഡ് ക്ലാർക്ക് ശ്രീമതി.രജനി കെ.ആർ, സീനിയർ ക്ലാർക്കുമാരായ ശ്രീമതി .ജ്യോതി വി.ജി, ശ്രീമതി.ഷൈനി ഇ എന്നിവർ യഥാക്രമം പരാമർശം (2) മുതൽ (5) വരെ അപേക്ഷ പ്രകാരം അപ്പീൽ സമർപ്പിച്ചിരുന്നു.

**കരീപ്ര ഗ്രാമപഞ്ചായത്ത് അക്കൗണ്ടന്റ് ആയിരുന്ന ശ്രീ.അലക്സാണ്ടർ എം, നെതിരെ സ്വീകരിച്ച നടപടികളുടെ സംക്ഷിപ്തം**

കരീപ്ര ഗ്രാമപഞ്ചായത്തിൽ 23.05.2013 മുതൽ 29.11.2013 വരെയുള്ള കാലയളവിലെ അക്കൗണ്ടന്റായിരുന്ന ശ്രീ. അലക്സാണ്ടറുടെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ടുള്ള പഞ്ചായത്ത് ഡയറക്ടറുടെ പാരാമർശം (1) ഉത്തരവിനെതിരെ ശ്രീ. അലക്സാണ്ടർ സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ പഞ്ചായത്ത് ഡയറക്ടർ ചുവടെ ചേർക്കും പ്രകാരമുള്ള അഭിപ്രായക്കുറിപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

" കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിലെ ദൈനംദിന കളക്ഷൻ തുക കരീപ്ര ഗ്രാമപഞ്ചായത്ത് സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസിലുള്ള ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ 01.04.2013 മുതൽ 09.12.2013 വരെയുള്ള ഡേ ബുക്ക്, ബാങ്കിൽ നിന്നുള്ള അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ 2,29,923/- രൂപ 'പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്താതെ പാർട്ട് ടൈം കണ്ടിജൻറ് ജീവനക്കാരനായ ശ്രീ. ചന്ദ്രബാബു തിരിമറി നടത്തിയതായി കണ്ടെത്തുകയുണ്ടായി. ടി കാലയളവിൽ പഞ്ചായത്ത് ഓഫീസിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. അലക്സാണ്ടർക്ക് 23.05.2013 മുതൽ അക്കൗണ്ടന്റായി ടി ഓഫീസിൽ തന്നെ സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ടായിരുന്നു. കാഷ്യർ അഥവാ പണം കൈകാര്യം ചെയ്യാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ പണം ലഭിച്ച ദിവസം തന്നെയോ തൊട്ടടുത്ത പ്രവർത്തി ദിവസമോ ട്രഷറിയിൽ/ബാങ്കിൽ ഒടുക്ക് വരുത്തിയിട്ടുണ്ടെന്ന കാര്യം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടത് അക്കൗണ്ടന്റിന്റെ ചുമതലയാണെന്നും അക്കൗണ്ടുകൾ പരിശോധിക്കണമെന്നും കൃത്രിമമോ തട്ടിപ്പോ പണാപഹരണമോ ക്രമക്കേടോ

നടന്നിട്ടില്ലെന്ന് ഉറപ്പ് വരുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് ശ്രീ. അലക്സാണ്ടറെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും തുടർന്ന് സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച ശേഷം കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിക്കുകയുമുണ്ടായി.

ശ്രീ. അലക്സാണ്ടർ അക്കൗണ്ടന്റായി ചുമതലയേറ്റ ശേഷം ട്രഷറി/ബാങ്ക് ബാലൻസ് തുക സാംഖ്യയുമായി തുല്യത വരുത്തുന്നതിന് വേണ്ടി കരീപ്ര സർവ്വീസ് ബാങ്കിൽ നിന്നും 01.04.2013 മുതൽ 30.11.2013 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോഴാണ് അടച്ച തുകയിലെ വ്യത്യാസം കണ്ടെത്താൻ കഴിഞ്ഞതെങ്കിലും 26.06.2013-ന് അക്കൗണ്ടന്റായി ചുമതലയേറ്റ ശേഷം 07.12.2013-ന് മാത്രമാണ് തിരിമറി കണ്ടുപിടിക്കാൻ സാധിച്ചുള്ളൂ എന്നതിനാൽ ടിയാന്റെ ഭാഗത്ത് വീഴ്ചയുള്ളതായി കാണുകയും ടിയാൻ കുറ്റക്കാരനാണെന്ന് കണ്ട് ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു അച്ചടക്ക നടപടി തീർപ്പാക്കുകയും ചെയ്തു.

ശ്രീ. അലക്സാണ്ടർ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ചുവടെ കുറിക്കുന്ന വാദങ്ങൾ ഉന്നയിച്ചിരിക്കുന്നു.

1. അന്തിമ ഉത്തരവിൽ പ്രതിവാദപത്രികയിലെ വാദങ്ങൾ എന്തുകൊണ്ട് സ്വീകാര്യമല്ല എന്ന് വ്യക്തമാക്കിയിട്ടില്ല.

2. അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കപ്പെട്ട കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ പകർപ്പ് ഹർജികക്ഷിക്ക് നൽകുകയോ ടിയാനെ വിസ്തരിക്കുവാൻ അവസരം നൽകുകയോ ചെയ്തിട്ടില്ലാത്തത് നിയമാനുസൃതമല്ല.

3. പണാപഹരണം നടത്തിയ ശ്രീ. ചന്ദ്രബാബു 2005-06 വർഷം മുതൽ തുടർന്ന് വന്നിരുന്നത് പ്രസ്തുത പണാപഹരണം കൃത്രിമ രേഖകൾ ഉണ്ടാക്കിയായിരുന്നു. ഒരു ഡ്യൂപ്ലിക്കേറ്റ് പാസ്സ്ബുക്ക് തരപ്പെടുത്തി ഓഫീസിൽ നിന്ന് കൊടുത്തുവിടുന്ന തുക കൃത്യമായി ഒടുക്കിയതായി രേഖപ്പെടുത്തി ഓഫീസിൽ ബോധ്യപ്പെടുത്തി വരുന്നതായിരുന്നു രീതി. 2005-06 മുതൽ വിവിധ വർഷങ്ങളിൽ നടന്ന ലോക്കൽ ഫണ്ട് ഓഡിറ്റിനോ പെർഫോമൻസ് ഓഡിറ്റിനോ കണ്ടെത്താനാവാത്ത വിധമുള്ള ക്രിമിനൽ കുറ്റമാണ് ടിയാൻ ചെയ്തിട്ടുള്ളത്. 5000/- രൂപയിൽ കൂടുതലുള്ള പണാപഹരണം ശ്രദ്ധയിൽപെട്ടാൽ പൊലീസിലെ വിജിലൻസ് വിഭാഗത്തെയും മറ്റും അറിയിക്കണമെന്ന് വ്യവസ്ഥയുള്ളതും 01.01.2014-ലെ 05/2014 ആം നമ്പർ സർക്കുലർ പ്രകാരം എല്ലാ സ്ഥാപന മേധാവികളെയും ഓർമ്മപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ലാത്തതും പണാപഹരണം കണ്ടുപിടിച്ചവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയുമാണ് ഉണ്ടായത്.

4. ശിക്ഷ ചുമത്തുന്നതിന് മുൻപ് നേരിൽ കേൾക്കാത്തതിനാൽ അന്തിമ ഉത്തരവ് നിയമാനുസൃതമല്ല.

5. ടിയാനിൽ ആരോപിക്കപ്പെട്ട കുറ്റങ്ങൾ സ്ഥാപിക്കുന്നതിന് കഴിഞ്ഞിട്ടില്ലാത്തതിനാൽ ശിക്ഷാവിധി നിയമാനുസൃതമല്ല.

6. 23.07.2010-ലെ ഓഫീസ് ഉത്തരവ് നമ്പർ 17/2010 പ്രകാരം ഓഫീസ് പിരിവ് തുക ഒടുക്ക് വരുത്തുന്നതിന് അക്കൗണ്ടന്റായിരുന്ന ശ്രീ. അലക്സാണ്ടറെ ചുമതലപ്പെടുത്തിയതായി കുറ്റാരോപണ മെമ്മോയിലും അന്തിമ ഉത്തരവിലും പറഞ്ഞു കാണുന്നു. എന്നാൽ 23.05.2013-ൽ മാത്രമാണ് ഹർജികക്ഷി അക്കൗണ്ടന്റ് തസ്തികയിൽ നിയമിതനാകുന്നത്. ആയതിനാൽ അവാസ്തവമായ ആരോപണത്തിന്റെ അടിസ്ഥാനത്തിൽ ശിക്ഷിച്ചിട്ടുള്ളതിനാൽ ഉത്തരവ് നിലനിൽക്കുന്നതല്ല.

7. ഹർജികക്ഷി 19.12.2013 മുതൽ 23.04.2014 വരെ സസ്പെൻഷനിലായിരുന്ന കാലം അന്തിമ ഉത്തരവിൽ ക്രമപ്പെടുത്തിയിട്ടില്ലാത്തതാണ്.

**<u>കരീപ്ര ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലാർക്കായിരുന്ന ശ്രീമതി. രജനി ക്ക് എതിരായ നടപടികളുടെ സംക്ഷിപ്തം</u>**

കരീപ്ര ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്കായിരുന്ന ശ്രീമതി. രജനി സമർപ്പിച്ച പരാമർശം (3) അപ്പീൽ അപേക്ഷയിന്മേൽ പഞ്ചായത്ത് ഡയറക്ടർ ചുവടെ ചേർക്കും പ്രകാരമുള്ള അഭിപ്രായകുറിപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

ഫണ്ട് തിരിമറി നടത്തുന്നതിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുകയും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തുകയും ഹെഡ് ക്ലാർക്കിന്റെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുന്നതിൽ അശ്രദ്ധ കാട്ടുകയും ചെയ്യുക വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുകയും ചെയ്യുന്നതിന് ശ്രീമതി. രജനിയെ പഞ്ചായത്ത് ഡയറക്ടറുടെ 19.12.2013-ലെ ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും പിന്നീട് സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും അച്ചടക്ക നടപടി സ്വീകരിക്കുകയും

ചെയ്യുകയുണ്ടായി.

കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 01.04.2013 മുതൽ 09.12.2013 വരെയുള്ള ഡേബുക്ക്, ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ 2,29,923/- രൂപ കരീപ്ര ഗ്രാമപഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്കിന്റെ കരീപ്ര ഹെഡ് ഓഫീസിലുള്ള ഗ്രാമപഞ്ചായത്തിന്റെ 4462-ആം നമ്പർ അക്കൗണ്ടിൽ ഒടുക്ക് വരുത്താതെ പാർട്ട് ടൈം കണ്ടിജൻറ് ജീവനക്കാരനായ ശ്രീ. ചന്ദ്രബാബു അപഹരിച്ചതായി കണ്ടെത്തി.

കരീപ്ര ഗ്രാമപഞ്ചായത്തിന്റെ പ്രതിദിന കളക്ഷൻ തുക ബാങ്കിൽ ഒടുക്ക് വരുത്തുന്ന ചുമതല നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ 29.05.2012-ലെ 37/2011-12 നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം ഓഫീസ് അറ്റൻഡർമാരായ ശ്രീമതി. ഷമീന ബീഗം, ശ്രീ. ദീപുരാജൻ എന്നിവരെയാണ് ചുമത്തപ്പെടുത്തിയിരുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 23.07.2010-ലെ 17/10, 27.06.2013-ലെ 5/2013 നമ്പർ ജോലി വിഭജന രേഖ പ്രകാരം കാഷ്യറായി ചുമതയേറ്റിരുന്ന സീനിയർ ക്ലാർക്കുമാരായ ശ്രീമതി. ജ്യോതി, ശ്രീമതി. ഷൈനി എന്നിവർ പ്രതിദിന കളക്ഷൻ തുക ബാങ്കിൽ ഒടുക്ക് വരുത്തുന്നതിന് നൽകാതെ കേവലം പാർട്ട് ടൈം കണ്ടിജൻറ് ജീവനക്കാരന്റെ കൈവശം പണം നൽകുന്നത് ശ്രദ്ധയിൽപെട്ടിട്ടും നടപടി സ്വീകരിക്കാതെ മേൽനോട്ട ചുമതല കൃത്യമായി നിർവ്വഹിക്കാതെ കൃത്യവിലോപം കാട്ടി പണാപഹരണത്തിന് സാഹചര്യം ഒരുക്കി.

കാഷ്യർ ആയി ചുമതലപ്പെടുത്തിയിരുന്ന ഉദ്യോഗസ്ഥർ ബാങ്കിൽ ഒടുക്കുവാനായി കൊടുത്തുവിടുന്ന പണം കൃത്യമായി ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ടോ എന്ന് ബാങ്ക് ചെല്ലാൻ കൗണ്ടർ ഫോയിലും പാസ്സ്ബുക്കും പരിശോധിച്ച് ഉറപ്പ് വരുത്തുകയും ചെല്ലാൻ കൗണ്ടർ ഫോയിൽ യഥാവിധി ഫയൽ ചെയ്ത് സൂക്ഷിക്കുകയും ചെയ്യുന്നുണ്ട് എന്ന് ഉറപ്പ് വരുത്താതെ മേൽനോട്ട ചുമതല നിർവ്വഹിക്കാതെ കൃത്യവിലോപം കാട്ടി.

കാഷ്യർ ആയി ചുമതലപ്പെടുത്തിയിരുന്ന ഉദ്യോഗസ്ഥൻ പണം ലഭിച്ച ദിവസം തന്നെയോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസമോ ബാങ്കിൽ ഒടുക്ക് വരുത്തുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ട ചുമതലയുള്ള അക്കൗണ്ടന്റ്, ടിയാന്റെ ചുമതല കൃത്യമായി നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്താതെ മേൽനോട്ട ചുമതല നിർവ്വഹിച്ചില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 81 പ്രകാരം) പഞ്ചായത്ത് ഫണ്ട് തിരിമറി സംബന്ധിച്ച വിവരം സെക്രട്ടറിയെയും പ്രസിഡന്റിനേയും പോലീസിനെയും സർക്കാരിനെയും ഓഡിറ്ററേയും അറിയിക്കേണ്ടതാണ്. എന്നാൽ വിവരം യഥാസമയം പോലീസിനെയും ഓഡിറ്ററേയും അറിയിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചില്ല. പണാപഹരണം നടത്തുന്നതിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുകയും സൂപ്പർവൈസറി ഉദ്യോഗസ്ഥർ എന്ന നിലയിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തുകയും ചെയ്തു.

ഓഫീസ് ഉത്തരവ് പ്രകാരം ഓരോ ജീവനക്കാർക്കും നൽകിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിൽ സൂപ്പർവൈസറി ഉദ്യോഗസ്ഥ എന്ന നിലയിൽ ശ്രീമതി. രജനിയുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി. രജനി സമർപ്പിച്ച മറുപടിയിൽ ജീവനക്കാരന്റെ കൈവശം പണം ഒടുക്കുന്നതിനായി നൽകുന്നത് ശ്രദ്ധയിൽപെട്ടിരുന്നില്ല എന്നും അക്കൗണ്ട്സുമായി ബന്ധപ്പെട്ട് ഏതെങ്കിലും പോരായ്മ ഉള്ളതായി ആകസ്മിക പരിശോധന നടത്തിയ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറോ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല എന്നും പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിലോ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലോ അക്കൗണ്ട്സുമായി ബന്ധപ്പെട്ട് ഏതെങ്കിലും അപാകതയുള്ളതായി പരാമർശിച്ചിട്ടില്ല എന്നും തന്നിലധിഷ്ഠിതമായ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിച്ചത് കൊണ്ട് മാത്രമാണ് ഫണ്ട് തിരിമറി മനസ്സിലാക്കി നടപടി എടുക്കാൻ സാധിച്ചത് എന്നും ടി വിഷയത്തിൽ ടിയാൾ മനപ്പൂർവ്വം യാതൊരു തെറ്റും ചെയ്തിട്ടില്ല എന്നും 18 വർഷത്തെ പഞ്ചായത്ത് വകുപ്പിലെ സേവനത്തിൽ യാതൊരു അച്ചടക്ക നടപടികൾക്ക് വിധേയമാവുകയോ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുകയോ ചെയ്തിട്ടില്ല എന്നും തന്റെ ഭാഗത്ത് നിന്നും മനപ്പൂർവ്വമല്ലാതെ ഏതെങ്കിലും തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ മാപ്പാക്കണമെന്നും ആരോപിച്ചിരിക്കുന്ന വീഴ്ചകൾ മേലിൽ ആവർത്തിക്കില്ലെന്നും ആയതിനാൽ ശിക്ഷണ നടപടിയിൽ നിന്ന് ഒഴിവാക്കി തരണമെന്നും അപേക്ഷിച്ചിരുന്നു.

ശ്രീമതി. രജനിയുടെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു പഞ്ചായത്ത് ഡയറക്ടർ ഉത്തരവായിട്ടുണ്ടെന്നും ടി ഉത്തരവ് റദ്ദാക്കാനുള്ള ശ്രീമതി. രജനിയുടെ അപ്പീൽ അപേക്ഷ തള്ളിക്കളഞ്ഞു ഉത്തരവാകണമെന്നും പഞ്ചായത്ത് ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു.

ശ്രീമതി. രജനിയുടെ അപ്പീൽ അപേക്ഷയിലെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

1. എതിർകക്ഷി 17.01.2014-ൽ ഡി6-46327/13 നമ്പറിൽ തനിക്കെതിരെ പുറപ്പെടുവിച്ച കുറ്റാരോപണ മെമ്മോയ്ക്ക് വിശദമായ എതിർവാദപത്രിക സമർപ്പിച്ചിരുന്നു. എന്നാൽ അതിൽ പറഞ്ഞ കാര്യങ്ങൾ എതിർകക്ഷി

പരിഗണിച്ചിട്ടില്ല. അന്തിമ ഉത്തരവിൽ തന്റെ വാദങ്ങൾ പരാമർശിക്കുക മാത്രം ചെയ്തിട്ടുള്ളതും എന്ത് കൊണ്ട് അവ സ്വീകാര്യമല്ലെന്ന് പറഞ്ഞിട്ടില്ലാത്തതുമാണ്.

2. ക്യാഷ്യർമാർ പ്രതിദിന കളക്ഷൻ തുക ഓഫീസ് അറ്റെൻഡന്റ് മുഖേന ബാങ്കിൽ അടവാക്കുന്നതിന് കൃത്യമായി ഓഫീസ് ഉത്തരവ് നല്കിയിട്ടുള്ളതാണ്.

3. കാഷ്യറായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ പണം ലഭിച്ച ദിവസമോ തൊട്ടടുത്ത പ്രവർത്തി ദിവസമോ ബാങ്കിൽ പണം അടച്ചോ എന്ന് ഉറപ്പ് വരുത്തേണ്ടത് അക്കൗണ്ടന്റാണ്.

4. പണാപഹരണം നടത്തിയ 07.12.2013-ന് തന്നെ സെക്രട്ടറിയെയും പഞ്ചായത്ത് പ്രസിഡന്റിനേയും രേഖമൂലം അറിയിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സെക്രട്ടറി ബഹു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേയും ലോക്കൽ ഫണ്ട് ഓഡിറ്റിനെയും പോലീസിലും അറിയിച്ചിട്ടുള്ളതും ബഹു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്നും അന്വേഷണം നടത്തി പഞ്ചായത്ത് ഡയറക്ടർക്ക് റിപ്പോർട്ട് നൽകുകയും, ലോക്കൽ ഫണ്ട് ഓഫീസിൽ നിന്നും സ്പെഷ്യൽ ഓഡിറ്റ് നടത്തി 2005-06 മുതൽ സമാന്തര പാസ്ബുക്ക് ഉപയോഗിച്ച് പണാപഹരണം നടത്തിയതായി കണ്ടെത്തുകയും പണാപഹരണവുമായി ബന്ധപ്പെട്ട് പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതുമാണ്.

5. ഓഫീസ് രേഖകളും അക്കൗണ്ട്സും കൃത്യമാക്കുന്നതിന്റെ ഭാഗമായി ബാങ്ക് സ്റ്റേറ്റ്മെന്റ്, ഡേ ബുക്കും ഉപയോഗിച്ച് നടത്തിയ പരിശോധനയിലാണ് പണാപഹരണം നടന്നതായി കണ്ടെത്താൻ കഴിഞ്ഞത്. സമാന്തര പാസ്ബുക്ക് ഉപയോഗിച്ച് നടത്തിയ പണാപഹരണമായതിനാലാണ് ആയത് കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം ഉണ്ടായത്.

6. പെർഫോമൻസ് ഓഡിറ്റ്/ലോക്കൽ ഫണ്ട് ഓഡിറ്റ്/അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് എന്നിവയിൽ പോലും കണ്ടെത്തി റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് നാലരമാസത്തോളം സസ്പെൻഷനിൽ നിൽക്കേണ്ടി വരികയും അന്തിമ ഉത്തരവ് പ്രകാരം ഒരു വാർഷിക ശമ്പളവർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് ഉത്തരവായിട്ടുള്ളതുമാണ്. സസ്പെൻഷൻ കാലയളവ് അന്തിമ ഉത്തരവിൽ ക്രമവത്കരിച്ചിട്ടുള്ളതാണ്.

**<u>കരീപ്ര ഗ്രാമപഞ്ചായത്ത് കാഷ്യറുടെ ചുമതല വഹിച്ചിരുന്ന സീനിയർ ക്ലാർക്ക് ശ്രീമതി. ജ്യോതി വി.ജി. ക്ക് എതിരായ നടപടികളുടെ സംക്ഷിപ്തം</u>**

കരീപ്ര ഗ്രാമപഞ്ചായത്തിലെ കാഷ്യറുടെ ചുമതല വഹിച്ചിരുന്ന സീനിയർ ക്ലാർക്ക് ശ്രീമതി. ജ്യോതി വി.ജി. സമർപ്പിച്ച പരാമർശം (4) അപ്പീൽ അപേക്ഷയിൽ പഞ്ചായത്ത് ഡയറക്ടർ അഭിപ്രായകുറിപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

ഫണ്ട് തിരിമറി നടത്തുന്നതിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുകയും കാഷ്യറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ ഗുരുതരമായ അലംഭാവവും കൃത്യവിലോപവും വരുത്തിയിട്ടുണ്ടെന്നും ബാങ്കിൽ ഒടുക്കുവാനായി കൊടുത്തുവിട്ട പണം കൃത്യമായി അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ടോയെന്ന് ബാങ്ക് ചെല്ലാനും കൗണ്ടർ ഫോയിലും പാസ്ബുക്ക് പരിശോധിച്ച് ഉറപ്പ് വരുത്തുകയോ ചെല്ലാൻ കൗണ്ടർ ഫോയിൽ യഥാവിധി ഫയൽ ചെയ്ത് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല എന്നും സർക്കാർ പണം കൈകാര്യം ചെയ്യുന്നതിൽ തികച്ചും അനാസ്ഥയും അശ്രദ്ധയും വരുത്തിയിട്ടുള്ളതിനാൽ കാഷ്യറുടെ ചുമതല വഹിച്ചിരുന്ന ശ്രീമതി. ജ്യോതിയെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും പിന്നീട് സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിരുന്നു.

കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 23.07.2010-ലെ 17/2010 നമ്പർ ജോലി വിഭജന രേഖപ്രകാരം കാഷ്യറായി നിയമിക്കപ്പെട്ട ശ്രീമതി. ജ്യോതി പ്രതിദിന കളക്ഷൻ തുക ബാങ്കിൽ ഒടുക്ക് വരുത്തുന്നതിന് 29.05.2013-ലെ 37/2011-12 നമ്പർ ഉത്തരവ് പ്രകാരം നിയോഗിച്ചിട്ടുള്ള ഓഫീസ് അറ്റൻഡർമാരുടെ കൈവശം പണം ഒടുക്ക് വരുത്തുന്നതിനായി നൽകാതെ കേവലം പാർട്ട് ടൈം കണ്ടിജൻറ് ജീവനക്കാരന്റെ കൈവശം പണം നൽകി ഗുരുതരമായ കൃത്യവിലോപവും ഉത്തരവാദിത്തമില്ലായ്മയും കാട്ടി പണാപഹരണത്തിന് സാഹചര്യം ഒരുക്കി. ശ്രീമതി. ജ്യോതി കാഷ്യറുടെ ചുമതല വഹിച്ചിരുന്ന 11.04.2013 മുതൽ 14.06.2013 വരെയുള്ള കാലയളവിൽ തിരിമറി നടന്നതായി കണ്ടെത്തി.

ബാങ്കിൽ ഒടുക്കുവാനായി കൊടുത്തുവിട്ട പണം കൃത്യമായി അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ടോ എന്ന് ബാങ്ക് ചെലാന്റെ കൗണ്ടർ ഫോയിലും പാസ്സ്ബുക്കും പരിശോധിച്ച് ഉറപ്പ് വരുത്തുകയോ ചെല്ലാൻ കൗണ്ടർ ഫോയിൽ യഥാവിധി ഫയൽ ചെയ്ത് സൂക്ഷിക്കുകയോ ചെയ്യാതെ സർക്കാർ പണം കൈകാര്യം ചെയ്യുന്നതിൽ തികഞ്ഞ അനാസ്ഥയും അശ്രദ്ധയും കാട്ടി പണാപഹരണം നടത്തുന്നതിന് അവസരം സൃഷ്ടിച്ചു.

ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുകയും പണാപഹരണത്തിന് സാഹചര്യം സൃഷ്ടിച്ച് പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തുകയും ചെയ്തു. ടിയാൾ കുറ്റക്കാരിയാണെന്ന് കണ്ട് ടിയാളുടെ ഒരു വാർഷിക

ശമ്പളവർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടയുന്നതിന് താത്കാലികമായി തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. 1995 മുതൽ കരീപ്ര ഗ്രാമപഞ്ചായത്തിൽ ജോലി നോക്കി വന്ന ശ്രീ. ചന്ദ്രബാബു പഞ്ചായത്തിലെ പണം അടയ്ക്കുന്നത് ഉൾപ്പെടെയുള്ള വിവിധ ജോലികൾ ചെയ്യുന്നതും ഒരു വാർഡിലെ നികുതി പിരിവ് നടത്തുന്നതിന് ഓഫീസ് ഉത്തരവ് നൽകി ചുമതലപ്പെടുത്തിയിട്ടുള്ളതും ആയതിനാൽ പ്രസ്തുത ജോലികൾ ചെയ്യുന്നതിൽ നിന്നും ശ്രീ. ചന്ദ്രബാബുവിനെ മാറ്റി നിർത്തുന്ന നടപടികൾ ടിയാന്റെ ഭാഗത്ത് നിന്ന് സ്വീകരിക്കുന്നത് ഉചിതമല്ല എന്നും എല്ലാ ദിവസവും ബാങ്കിൽ ഒടുക്ക് വരുത്തുവാനായി കൊടുത്തു വിട്ടിരുന്ന പണം ബാങ്ക് പാസ്സ്ബുക്കിൽ പതിച്ച് ബാങ്ക് അധികാരികൾ ഒപ്പിട്ട് നൽകിയിരുന്നത് പരിശോധിച്ചിരുന്നു എന്നും പാസ് ബുക്കിൽ യാതൊരു വ്യത്യാസവും ഇല്ലായിരുന്നതിനാൽ പണാപഹരണം നടത്തുന്നതായി ഒരിക്കൽ ബോധ്യപ്പെടാൻ കഴിഞ്ഞില്ല എന്നും പെർഫോമൻസ്/കേരള സ്റ്റേറ്റ് ഓഡിറ്റ് ടീമുകൾക്ക് പോലും തിരിമറി കണ്ടുപിടിക്കാനായില്ല എന്നത് വസ്തുതയാണ് എന്നും കാഷ്യറായി ചുമതല വഹിച്ചിരുന്ന ടിയാന്റെ കാലയളവിൽ 10 ദിവസങ്ങളിലായി 60923/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും ശ്രീ. ചന്ദ്രബാബു അപഹരിച്ചിട്ടുള്ളത് തിരികെ ഒടുക്ക് വരുത്തി നഷ്ടം പരിഹരിച്ചു എന്നും ശ്രീ. ചന്ദ്രബാബുവിന് പണം അപഹരിക്കാനുള്ള യാതൊരു വിധ സഹായങ്ങളും ചെയ്തിട്ടില്ല എന്നും മനപ്പൂർവ്വമായി തെറ്റൊന്നും ചെയ്തിട്ടില്ല എന്നും കഴിഞ്ഞ 12 വർഷത്തെ സേവനത്തിനിടയിൽ യാതൊരു വിധ അച്ചടക്ക നടപടികൾക്ക് വിധേയമാവുകയോ കൃത്യനിർവ്വഹണത്തിൽ വീഴ്ചകൾ വരുത്തുകയോ ചെയ്തിട്ടില്ല എന്നും തന്റെ ഭാഗത്ത് നിന്ന് മനപ്പൂർവ്വമല്ലാത്ത തെറ്റെന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ മാപ്പാക്കണമെന്നും ടിയാനിൽ ആരോപിച്ചിരിക്കുന്ന വീഴ്ചകൾ മേലിൽ ആവർത്തിക്കില്ല എന്നും ആയതിനാൽ ശിക്ഷണ നടപടിയിൽ നിന്ന് ഒഴിവാക്കണമെന്നും ശ്രീമതി. ജ്യോതി അപേക്ഷിച്ചു.

ശിക്ഷാവിമുക്തയാക്കാൻ തക്ക കാരണമൊന്നും ശ്രീമതി. ജ്യോതി ഉന്നയിച്ച് കാണുന്നില്ല എന്നതിനാൽ ടിയാൾക്കെതിരായ അച്ചടക്ക നടപടി ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു തീർപ്പാക്കി ഉത്തരവായിട്ടുണ്ടെന്നും ശ്രീമതി. ജ്യോതി സമർപ്പിച്ച അപ്പീൽ അപേക്ഷ തള്ളി ഉത്തരവാകണമെന്നും പഞ്ചായത്ത് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ശ്രീമതി ജ്യോതിയുടെ അപ്പീൽ അപേക്ഷയിലെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിൽ ടിയാളുടെ പ്രതിവാദ പത്രികയിലെ വാദങ്ങൾ എന്തുകൊണ്ട് സ്വീകാര്യമല്ല എന്ന് വ്യക്തമാക്കിയിട്ടില്ല.

2. പ്രതിദിന കളക്ഷൻ തുക ബാങ്കിൽ ഒടുക്ക് വരുത്തുന്നത് പാസ്ബുക്ക്, ഡേ ബുക്ക് , കൗണ്ടർ ഫോയിൽ എന്നിവ നോക്കി പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുള്ളതും ആയത് യഥാവിധി സൂക്ഷിച്ചിട്ടുള്ളതും 14.06.2013 വരെ പെർഫോമൻസ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് അധികാരികൾ പരിശോധിച്ച് പ്രതിദിന അടവ് കൃത്യമാണെന്ന് സാക്ഷ്യപെടുത്തിയിട്ടുള്ളതുമാണ്. കൂടാതെ 15.06.2013-ൽ ടിയാരിയെ എഴുകോൺ ഗ്രാമപഞ്ചായത്തിലേക്ക് വിടുതൽ ചെയ്തപ്പോൾ എല്ലാ രേഖകളും ഹാൻഡ് ഓവർ ചെയ്തിട്ടുള്ളതാണ്.

3. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് അധികാരികൾ നടത്തിയ സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ 2005-06 മുതൽ ടി ഓഫീസിലെ പാർട്ട് ടൈം ലൈബ്രേറിയനായ ശ്രീ. ചന്ദ്രബാബു സമാന്തര പാസ്ബുക്ക് ഉണ്ടാക്കി 2013-14-ൽ പണാപഹരണം നടത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ കുറഞ്ഞ കാലയളവിൽ കരീപ്ര ഗ്രാമപഞ്ചായത്തിൽ കാഷ്യറായി സേവനമനുഷ്ടിച്ച ടിയാരിയെ 19.12.2013 മുതൽ 24.04.2014 വരെ സസ്പെൻഷനിൽ നിർത്തുകയും ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞു തീർപ്പാക്കിയിട്ടുള്ളതുമാണ്.

## <u>കരീപ്ര ഗ്രാമപഞ്ചായത്തിലെ കാഷ്യറുടെ ചുമതല വഹിച്ചിരുന്ന ശ്രീമതി. ഷൈനി ക്ക് എതിരായ നടപടികളുടെ സംക്ഷിപ്തം</u>

കരീപ്ര ഗ്രാമപഞ്ചായത്തിലെ കാഷ്യറുടെ ചുമതല വഹിച്ചിരുന്ന ശ്രീമതി. ഷൈനിയുടെ പരാമർശം (5) അപ്പീൽ അപേക്ഷയിൽ പഞ്ചായത്ത് ഡയറക്ടർ അഭിപ്രായകുറിപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

ഫണ്ട് തിരിമറി നടത്തുന്നതിന് തുല്യമായ സാഹചര്യം സൃഷ്ടിക്കുകയും കാഷ്യറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ ഗുരുതരമായ അലംഭാവവും കൃത്യവിലോപവും വരുത്തുകയും ബാങ്കിൽ ഒടുക്കുവാനായി കൊടുത്തുവിട്ട പണം കൃത്യമായി അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ടോയെന്ന് ബാങ്ക് ചെല്ലാനും കൗണ്ടർ ഫോയിലും പാസ്സ്ബുക്കും പരിശോധിച്ച് ഉറപ്പ് വരുത്തുകയോ ചെല്ലാൻ കൗണ്ടർ ഫോയിൽ യഥാവിധി ഫയൽ ചെയ്ത് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല എന്നും സർക്കാർ പണം കൈകാര്യം ചെയ്യുന്നതിൽ തികച്ചും അനാസ്ഥയും അശ്രദ്ധയും വരുത്തിയിട്ടുള്ളതിനാൽ കാഷ്യറുടെ ചുമതല വഹിച്ചിരുന്ന ശ്രീമതി. ഷൈനിയെ സർവ്വീസിൽ നിന്നും

സസ്പെൻഡ് ചെയ്യുകയും പിന്നീട് സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 27.06.2013-ലെ 51/2013 നമ്പർ ജോലി വിഭജന രേഖപ്രകാരം കാഷ്യറായി നിയമിക്കപ്പെട്ട ശ്രീമതി. ഷൈനി പ്രതിദിന കളക്ഷൻ തുക ബാങ്കിൽ ഒടുക്ക് വരുത്തുന്നതിന് 29.05.2012-ലെ 37/2011-12 നമ്പർ ഉത്തരവ് പ്രകാരം നിയോഗിച്ചിട്ടുള്ള ഓഫീസ് അറ്റൻഡർമാരുടെ കൈവശം പണം ഒടുക്ക് വരുത്തുന്നതിനായി നൽകാതെ കേവലം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരന്റെ കൈവശം പണം നൽകി ഗുരുതരമായ കൃത്യവിലോപവും ഉത്തരവാദിത്തമില്ലായ്മയും കാട്ടി പണാപഹരണത്തിന് സാഹചര്യം ഒരുക്കി. ശ്രീമതി. ഷൈനി കാഷ്യറുടെ ചുമതല വഹിച്ചിരുന്ന 13.08.2013 മുതൽ 29.11.2013 വരെയുള്ള കാലയളവിൽ തിരിമറി നടന്നതായി കണ്ടെത്തി.

ബാങ്കിൽ ഒടുക്കുവാനായി കൊടുത്തുവിട്ട പണം കൃത്യമായി അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ടോ എന്ന് ബാങ്ക് ചെലാന്റെ കൗണ്ടർ ഫോയിലും പാസ്സ്ബുക്കും പരിശോധിച്ച് ഉറപ്പ് വരുത്തുകയോ ചെല്ലാൻ കൗണ്ടർ ഫോയിൽ യഥാവിധി ഫയൽ ചെയ്ത് സൂക്ഷിക്കുകയോ ചെയ്യാതെ സർക്കാർ പണം കൈകാര്യം ചെയ്യുന്നതിൽ തികഞ്ഞ അനാസ്ഥയും അശ്രദ്ധയും കാട്ടി പണാപഹരണം നടത്തുന്നതിന് അവസരം സൃഷ്ടിച്ചു. ദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുകയും പണാപഹരണത്തിന് സാഹചര്യം സൃഷ്ടിച്ച് പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തുകയും ചെയ്തു.

കാരണം കാണിക്കൽ നോട്ടീസിന് മറുപടിയായി എല്ലാ ദിവസവും ബാങ്കിൽ ഒടുക്ക് വരുത്തുവാനായി കൊടുത്തുവിട്ടിരുന്ന പണം ബാങ്ക് പാസ്സ്ബുക്കിൽ പതിച്ച് അധികാരികൾ ഒപ്പിട്ട് നൽകിയിരുന്നത് പരിശോധിച്ചുവെന്നും ഈ പാസ്സ്ബുക്കിൽ യാതൊരു വ്യത്യാസവും ഇല്ലാതിരുന്നതിനാൽ പണാപഹരണം നടത്തുന്നതായി ഒരിക്കൽപ്പോലും ബോധ്യപ്പെടാൻ കഴിഞ്ഞിരുന്നില്ല എന്നും വിശദമായ പെർഫോമൻസ് കേരള സ്റ്റേറ്റ് ഓഡിറ്റ് ടീമുകൾക്ക് പോലും ഈ തിരിമറി കണ്ടുപിടിക്കാനായില്ല എന്നും ശ്രീ. ചന്ദ്രബാബുവിന് പണം അപഹരിക്കാൻ യാതൊരുവിധ സഹായവും ചെയ്തിട്ടില്ലായെന്നും ഈ വിഷയത്തിൽ മനഃപ്പൂർവ്വമായി യാതൊരു തെറ്റും ചെയ്തിട്ടില്ലായെന്നും 12 വർഷത്തെ പഞ്ചായത്ത് വകുപ്പിലെ സേവനത്തിൽ യാതൊരു വിധ അച്ചടക്ക നടപടികൾക്ക് വിധേയയാകുകയോ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തുകയോ ചെയ്തിട്ടില്ല എന്നും ടിയാളുടെ ഭാഗത്ത് നിന്നും മനഃപൂർവമല്ലാത്ത എന്തെങ്കിലും തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ മാപ്പാക്കണമെന്നും തന്നിൽ ആരോപിക്കുന്ന വീഴ്ചകൾ മേലിൽ ആവർത്തിക്കില്ലെന്നും തനിക്കെതിരെ സ്വീകരിക്കുന്ന ശിക്ഷണ നടപടിയിൽ നിന്ന് ഒഴിവാക്കണമെന്നും മറുപടിയിൽ ശ്രീമതി. ഷൈനി ബോധിപ്പിച്ചിരുന്നു.

ശ്രീമതി. ഷൈനിക്കെതിരായ അച്ചടക്ക നടപടി ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു തീർപ്പാക്കി ഉത്തരവായിട്ടുണ്ടെന്നും ശ്രീമതി. ഷൈനി സമർപ്പിച്ച അപ്പീൽ അപേക്ഷ തള്ളി ഉത്തരവാകണമെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി. ഷൈനി സമർപ്പിച്ച അപ്പീൽ അപേക്ഷയിലെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

1. എതിർകക്ഷി 17.01.2014-ൽ ഡി6-46327/2013 നമ്പറായി പുറപ്പെടുവിച്ച കുറ്റാരോപണ മെമ്മോയ്ക്ക് എതിർവാദപത്രിക സമർപ്പിച്ചിരുന്നു. അതിൽ പറഞ്ഞ കാര്യങ്ങൾ എതിർകക്ഷി പരിഗണിച്ചില്ല. അന്തിമ ഉത്തരവിൽ ടിയാരിയുടെ വാദങ്ങൾ എന്തുകൊണ്ട് സ്വീകാര്യമായില്ലെന്ന് പറഞ്ഞിട്ടില്ല.

2. പ്രതിദിന കളക്ഷൻ തുക ബാങ്കിൽ ഒടുക്ക് വരുത്തുന്നത് പാസ് ബുക്ക്, ഡേ ബുക്ക് കൗണ്ടർ ഫോയിൽ എന്നിവ നോക്കി പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുള്ളതും ആയത് യഥാവിധി സൂക്ഷിച്ചിട്ടുള്ളതും ഡിസംബർ 2013 വരെ പെർഫോമൻസ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് അധികാരികൾ പരിശോധിച്ച് പ്രതിദിന അടവ് കൃത്യമാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാണ്. കൂടാതെ പഞ്ചായത്തിന്റെ എല്ലാ ഓഡിറ്റ് റിപ്പോർട്ടുകളിലും ഗുരുതര സാമ്പത്തിക ക്രമക്കേടുകൾ ഒന്നുംതന്നെ ഇല്ലെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് അധികാരികൾ നടത്തിയ സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ 2005-06 മുതൽ ടി ഓഫീസിലെ പാർട്ട് ടൈം ലൈബ്രേറിയനായ ശ്രീ. ചന്ദ്രബാബു സമാന്തര പാസ്ബുക്ക് ഉണ്ടാക്കി 2013-14 വരെ പണാപഹരണം നടത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2005-06 മുതൽ നടത്തിയ പണാപഹരണം ടി കാലയളവിൽ പരിശോധന നടത്തിയ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഉൾപ്പെടെ ഒരു ഏജൻസിക്കും കണ്ടെത്താനായിരുന്നില്ല. 2013-14 കാലയളവിൽ ജോലി ചെയ്തിരുന്ന താൻ ഉൾപ്പെടുന്ന ജോലിക്കാരാണ് കണ്ടുപിടിച്ചത്. ടി വിവരം പെർഫോമൻസ് ഓഡിറ്റ്, കേരള സ്റ്റേറ്റ് ഓഡിറ്റ് ഓഫീസുകളിൽ തങ്ങൾ റിപ്പോർട്ട് ചെയ്തതിന് ശേഷമാണ് അവർ പരിശോധന നടത്തിയത്. എന്നാൽ ടി വിവരം കണ്ടെത്തിയ 6 ജീവനക്കാരെ

മാത്രം സസ്പെൻഡ് ചെയ്ത് ശിക്ഷ നൽകുകയും ചെയ്തു. ഇത് നീതീകരിക്കാൻ കഴിയാത്തതാണ്. കുറഞ്ഞ കാലയളവിൽ (6 മാസം) കരീപ്ര ഗ്രാമപഞ്ചായത്തിൽ കാഷ്യറായി സേവനം അനുഷ്ഠിച്ച ടിയാളെ 19.12.2013 മുതൽ 24.04.2014 വരെ സസ്പെൻഷനിൽ നിർത്തുകയും ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞു ഉത്തരവായിട്ടുള്ളതുമാണ്.

ശ്രീ. ചന്ദ്രബാബുവിനെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച് പഞ്ചായത്ത്ഡയറക്ടർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കരീപ്ര ഗ്രാമപഞ്ചായത്ത് ഫണ്ട് തിരിമറിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം കണ്ടിജൻറ് ലൈബ്രേറിയനായിരുന്ന ശ്രീ. ചന്ദ്രബാബു പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്ന് കണ്ട് ടിയാനെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 10.12.2013-ലെ കെ1-6376/2013 നമ്പർ ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്തിരുന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അന്വേഷണം നടത്തി ടിയാനെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമുൾപ്പെടെ കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ റിപ്പോർട്ട് ചെയ്യുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു. ആയതിന് ടിയാൻ സമർപ്പിച്ച എതിർവാദ പത്രികയിൽ ടിയാൻ സാമ്പത്തിക തിരിമറിയോ പണാപഹരണമോ നടത്തിയിട്ടില്ലെന്നും തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്നും അപേക്ഷിച്ചു. ടി വിഷയം സംബന്ധിച്ച് ക്രൈം 1941/13/u/s409 IPC നമ്പറായി ചന്ദ്രബാബുവിനെ പ്രതിയാക്കി എഴുകോൺ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും 10 ലക്ഷം രൂപയിൽ അധികം അപഹരിച്ച കേസ് ആയതിനാൽ വിജിലൻസിനെ കൊണ്ട് അന്വേഷിപ്പിക്കുന്നതിന് ഫയൽ ജില്ലാ പോലീസ് ചീഫിന് അയച്ചു നൽകിയതായും എഴുകോൺ പോലീസ് അറിയിച്ചിട്ടുണ്ട്. ജില്ലാ പോലീസ് സൂപ്രണ്ടിന്റെ (റൂറൽ) 24.06.2017-ലെ ഡി1-18945/2017/QR കത്ത് പ്രകാരം 25.04.2017-ലെ എഴുകോൺ പോലീസിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി കേസ് ഫയൽ വിജിലൻസിന് അയച്ചു നൽകിയതായി അറിയിച്ചിട്ടുണ്ട്. ശ്രീ. ചന്ദ്രബാബു നിലവിലും സസ്പെൻഷനിൽ തുടരുകയാണ് എന്നും കൂടാതെ കരീപ്ര ഗ്രാമപഞ്ചായത്തിൽ പതിനൊന്നിന പരിപാടി പ്രകാരം ഓണറേറിയം വ്യവസ്ഥയിൽ പഞ്ചായത്തിലെ സാംസ്കാരിക നിലയത്തിൽ ലൈബ്രേറിയനായിരിക്കെ ശ്രീ. ചന്ദ്രബാബു 2005-06 മുതൽ 2013-14 വരെ പണാപഹരണം നടത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും 10,65,085/- രൂപ തിരിമറി നടത്തിയതായാണ് സ്പെഷ്യൽ ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ളത് എന്നും ടി കാലയളവിൽ ഗ്രാമപഞ്ചായത്തിന്റെ വ്യത്യസ്ത തസ്തികകളിലായി സേവനമനുഷ്ഠിച്ചിരുന്നതും പണാപഹരണം സംഭവിക്കുന്നതിന് നേരിട്ടോ അല്ലാതെയോ ഉത്തരവാദികളായവരുമായ 19 ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. 03.05.2010-ലെ ജി.ഒ (എം.എസ്) 88/2010/തസ്വഭവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. ചന്ദ്രബാബുവിനെ പാർട്ട് ടൈം കണ്ടിജൻറ് തസ്തികയിൽ സ്ഥിരപ്പെടുത്തിയിട്ടുമുണ്ട് എന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പരിശോധിച്ചതിൽ സാമ്പത്തിക തട്ടിപ്പ് തുടങ്ങിയത് 2005-06 മുതലാണെന്നും 2005-06 മുതൽ 2010-11 വരെയുള്ള കാലയളവിൽ ക്യാഷ് ബുക്ക്, വരവ് ചെലവ് രജിസ്റ്ററുകൾ, ഔട്ട് ഡോർ ടോട്ടൽ കളക്ഷൻ രജിസ്റ്ററുകൾ എന്നിവയിൽ ഒരു എൻട്രി പോലും വരുത്താതെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരോ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരോ ഒപ്പ് വെക്കുകയോ ബാങ്ക് സ്റ്റേറ്റ്മെന്റ് അക്കൗണ്ടുമായി പൊരുത്തപ്പെടൽ വരുത്തുകയോ ഒത്തുനോക്കുകയോ ചെയ്തിട്ടില്ലെന്നും അപ്രകാരം ചെയ്തിരുന്നുവെങ്കിൽ വളരെ മുൻപ് തന്നെ ഈ വ്യത്യാസം ശ്രദ്ധയിൽപെടുകയും വലിയതോതിലുള്ള പണാപഹരണം ഒഴിവാക്കുകയും ചെയ്യാമായിരുന്നു എന്ന് പരാമർശിച്ചിട്ടുണ്ട്. ആകെ നഷ്ടപെട്ടത് 10,65,085/- രൂപയാണെന്നും ഉദ്യോഗസ്ഥമേൽനോട്ട സംവിധാനത്തിൽ ദീർഘകാലമായി വീഴ്ച ഉണ്ടായിട്ടുള്ളതായും സമാന്തര വ്യാജ രേഖകൾ ഹാജരാക്കി പരിശോധനാ സംവിധാനങ്ങളെ കബളിപ്പിച്ചതായും സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് ഉത്തരവാദികളായ 19 ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ അപ്പീൽ സമർപ്പിച്ചിട്ടുള്ള 4 ജീവനക്കാർ ഉൾപ്പെടെ 6 ജീവനക്കാരുടെ 1 വാർഷിക ശമ്പളവർദ്ധനവ് 1 വർഷത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടയുകയും 1 ജീവനക്കാരന്റെ 1 വാർഷിക ശമ്പള വർദ്ധനവ് 6 മാസത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടയുകയും ചെയ്താണ് തീർപ്പാക്കിയിട്ടുള്ളത്. മറ്റ് 12 പേർക്കെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ച് പഞ്ചായത്ത് ഡയറക്ടർ ഉത്തരവാകുകയോ സെൻഷർ നൽകി തീർപ്പാക്കുകയോ ചെയ്തിട്ടുണ്ട്.

## ശ്രീ.അലക്സാണ്ടർ എം. ന് എതിരെയുള്ള അപ്പീൽ തീർപ്പാക്കൽ

അപ്പീൽ അപേക്ഷകരെ 04.12.2018 ൽ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട അവസരത്തിൽ പണാപഹരണം കണ്ടെത്താൻ കഴിയാതിരുന്ന സാഹചര്യം അവർ ഓരോരുത്തരും വിശദമാക്കുകയുണ്ടായി. അക്കൗണ്ടന്റ് ശ്രീ. അലക്സാണ്ടർ അക്കൗണ്ടന്റായി ചുമതലയേറ്റ ശേഷം ട്രഷറി/ബാങ്ക് ബാലൻസ് തുക സാംഖ്യയുമായി തുല്യത വരുത്തുന്നതിന് വേണ്ടി കരീപ്ര സർവ്വീസ് ബാങ്കിൽ നിന്നും 01.04.2013 മുതൽ 30.11.2013 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോഴാണ് തുകയിൽ വ്യത്യാസം കണ്ടെത്താനായത്. 26.06.2013-ൽ അക്കൗണ്ടന്റായി ചുമതലയേറ്റ ശേഷം സാംഖ്യയിൽ പരിശീലനം നേടിയ ശേഷമാണ് ഇത് പരിശോധിക്കാനായത്. ആയതിനാലാണ് ഏകദേശം 5 മാസത്തെ താമസം നേരിട്ടത് എന്ന് ബോധിപ്പിച്ചു. സമാന്തര പാസ്ബുക്ക് പഞ്ചായത്തിൽ ലഭ്യമാക്കിയിരുന്നതിൽ കൃത്രിമത്വം കാണിച്ചിരുന്നതിനാൽ പാസ്ബുക്ക് നോക്കി കൃത്രിമത്വം കണ്ടെത്തുവാനാവുമായിരുന്നില്ല എന്ന വാദം അംഗീകരിക്കാവുന്നതാണ്. സ്പെഷ്യൽ ഓഡിറ്റിൽ 2005-06 മുതൽ തിരിമറി നടത്തിയിരുന്നതായും പഞ്ചായത്തിന് 10,65,085/- രൂപ നഷ്ടപ്പെട്ടതായും കണ്ടെത്തി. 2005-06 മുതൽ 2010-11 വരെയുള്ള കാലയളവിൽ ക്യാഷ് ബുക്ക്, വരവ് ചെലവ് രജിസ്റ്ററുകൾ, ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററുകൾ എന്നിവയിൽ ഒരു എൻട്രി പോലും വരുത്താതെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരോ, മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരോ ഒപ്പ് വെക്കുകയോ ബാങ്ക് സ്റ്റേറ്റ്മെന്റ് അക്കൗണ്ടുമായി പൊരുത്തപ്പെടൽ വരുത്തുകയോ ഒത്തുനോക്കുകയോ ചെയ്തിട്ടില്ലെന്നും അപ്രകാരം ചെയ്തിരുന്നുവെങ്കിൽ വളരെ മുൻപ് തന്നെ ഈ വ്യത്യാസം ശ്രദ്ധയിൽപെടുകയും വലിയ തോതിലുള്ള പണാപഹരണം ഒഴിവാക്കുകയും ചെയ്യാമായിരുന്നുവെന്ന് പരാമർശിച്ചിട്ടുണ്ട്.

ശ്രീ. അലക്സാണ്ടർ കരീപ്ര ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റായി 23.05.2013-ൽ ചുമതലയേൽക്കുന്നതിന് മുൻപ് തന്നെ പണം തിരിമറി ചെയ്യാൻ ആരംഭിക്കുകയും നിർബാധം തുടർന്ന് വരികയുമായിരുന്നു. ശ്രീ. ചന്ദ്രബാബുവിനെതിരായ അന്വേഷണം വിജിലൻസ് നടത്തി വരുന്നു. ഈ വിഷയത്തിൽ അച്ചടക്ക നടപടി സ്വീകരിക്കപ്പെട്ട 19 പേരിൽ 12 പേർക്കെതിരെയുള്ള അച്ചടക്ക നടപടി സെൻഷർ നൽകി തീർപ്പാക്കിയിട്ടുണ്ട്. ആ സാഹചര്യത്തിൽ അക്കൗണ്ടന്റായി ചുമതലയേറ്റ് സാംഖ്യയിൽ പരിശീലനം നേടി 6 മാസത്തിനുള്ളിൽ ക്രമക്കേട് കണ്ടുപിടിച്ചിട്ടുള്ള തന്നെ ശിക്ഷിക്കുന്നത് അനീതിയാണെന്ന ടിയാന്റെ വാദം അംഗീകരിക്കത്തക്കതാണെന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ ടിയാന്റെ ഒരു വാർഷിക വർദ്ധനവ് 1 വർഷത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞു പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച പരാമർശം(1) ഉത്തരവ് പുനഃപരിശോധിച്ച് ടിയാന്റെ ഭാഗത്തുനിന്ന് സംഭവിച്ചിട്ടുള്ള വീഴ്ചക്ക് സെൻഷർ നൽകി അപ്പീൽ തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

## ശ്രീമതി. രജനി ക്ക് എതിരായ അപ്പീൽ തീർപ്പാക്കൽ

കരീപ്ര ഗ്രാമപഞ്ചായത്തിൽ 01.04.2013 മുതൽ 09.12.2013 വരെ ക്ലാർക്കായിരുന്ന ശ്രീമതി. രജനി സമർപ്പിച്ച വാദങ്ങൾ പരിശോധിച്ചു.

കാഷ്യർ ആയി ചുമതലപ്പെടുത്തിയിരുന്ന ഉദ്യോഗസ്ഥർ ബാങ്കിൽ ഒടുക്കുവാനായി കൊടുത്തുവിടുന്ന പണം കൃത്യമായി ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ടോ എന്ന് ബാങ്ക് ചെലാന്റെ കൗണ്ടർഫോയിലും പാസ്സ് ബുക്കും പരിശോധിച്ച് ഉറപ്പ് വരുത്തുകയും ചെല്ലാൻ കൗണ്ടർ ഫോയിൽ യഥാവിധി ഫയൽ ചെയ്ത് സൂക്ഷിക്കുകയോ ചെയുന്നുണ്ട് എന്ന് ഉറപ്പ് വരുത്താതെ മേൽനോട്ട ചുമതല നിർവ്വഹിക്കാതെ കൃത്യവിലോപം കാട്ടി എന്നാണ് പഞ്ചായത്ത് ഡയറക്ടർ കണ്ടെത്തിയിട്ടുള്ളത്.

ശ്രീ. ചന്ദ്രബാബുവിന് ഒരു വാർഡിന്റെ കളക്ഷൻ ചുമതല ഉണ്ടായിരുന്നുവെന്ന വസ്തുത കണക്കിലെടുക്കേണ്ടതാണ്. ടിയാനെ 03.05.2010-ലെ ജി.ഒ (എം.എസ്) 88/2010/തസ്വഭവ നം ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ സ്ഥിരപ്പെടുത്തിയിട്ടുമുണ്ട്. ആകയാൽ ശ്രീ. ചന്ദ്രബാബു വെറും ദിവസവേതനക്കാരനായി കാണാൻ കഴിയാത്ത ജീവനക്കാരൻ തന്നെയാണ്. ടിയാൻ 10 ലക്ഷത്തിലേറെ തുക തിരിമറി നടത്തിയതായി സ്പെഷ്യൽ ഓഡിറ്റിൽ കണ്ടെത്തി. എന്നാൽ ലോക്കൽ ഫണ്ട് ഓഡിറ്റിലോ പെർഫോമൻസ് ഓഡിറ്റിലോ 2005-06 മുതൽ തുടർന്ന് വന്നിരുന്ന ക്രമക്കേട് കണ്ടെത്തിയിട്ടില്ലെന്നതും വസ്തുതയാണ്. പണം തിരിമറിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി സ്വീകരിച്ച 19 പേരിൽ 12 പേരെയും സെൻഷർ നൽകിയോ ഒഴിവാക്കിയോ അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ അപ്പീൽ അപേക്ഷകർ ഉൾപ്പെടെ 7 പേരുടെ മാത്രം 1 വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ 1 വർഷത്തേക്ക് തടഞ്ഞ നടപടി അസമത്വമായി നിലനിൽക്കുന്നു. പഞ്ചായത്തിൽ സമാന്തര പാസ്സ്ബുക്ക് ഉപയോഗിച്ച് ശ്രീ. ചന്ദ്രബാബു ക്രമക്കേട് നടത്തിയതിനാൽ ഇത് കണ്ടെത്താൻ കഴിഞ്ഞില്ല എന്ന വാദവും ഭാഗികമായി അംഗീകരിക്കാവുന്നതാണ്. മേൽ സാഹചര്യത്തിൽ കരീപ്ര ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി. രജനിയുടെ ഒരു വാർഷിക ശമ്പള വർദ്ധനവ്

സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു അച്ചടക്ക നടപടി തീർപ്പാക്കിയ പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം(1) ഉത്തരവ് പുനഃപരിശോധിച്ച് സെൻഷർ നൽകി അപ്പീൽ തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

## ശ്രീമതി. ജ്യോതിക്ക് എതിരായ അപ്പീൽ തീർപ്പാക്കൽ

കരിമ്പ്ര ഗ്രാമപഞ്ചായത്തിൽ 11.04.2013 മുതൽ 14.06.2013 വരെ കാഷ്യറുടെ ചുമതല വഹിച്ചിരുന്ന സീനിയർ ക്ലാർക്ക് ശ്രീമതി. ജ്യോതി .വി.ജി ഫണ്ട് തിരിമറി നടത്തുന്നതിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുകയും കാഷ്യറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ ഗുരുതരമായ അലംഭാവവും കൃത്യവിലോപവും വരുത്തുകയും ബാങ്കിൽ ഒടുക്കുവാനായി കൊടുത്തുവിട്ട പണം കൃത്യമായി അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ടോയെന്നും ബാങ്ക് ചെലാനും കൗണ്ടർ ഫോയിലും പാസ്സ്ബുക്കും പരിശോധിച്ച് ഉറപ്പ് വരുത്തുകയോ ചെല്ലാൻ കൗണ്ടർ ഫോയിൽ യഥാവിധി ഫയൽ ചെയ്ത് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല എന്നും സർക്കാർ പണം കൈകാര്യം ചെയ്യുന്നതിൽ തികച്ചും അനാസ്ഥയും അശ്രദ്ധയും വരുത്തിയിട്ടുള്ളതിനാൽ കാഷ്യറുടെ ചുമതല വഹിച്ചിരുന്ന ശ്രീമതി. ജ്യോതിയെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും പിന്നീട് സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട് എന്ന് പഞ്ചായത്ത് ഡയറക്ടർ കണ്ടെത്തിയിട്ടുണ്ട്.

ശ്രീ. ചന്ദ്രബാബുവിന് ഒരു വാർഡിന്റെ കളക്ഷൻ ചുമതല ഉണ്ടായിരുന്നുവെന്ന വസ്തുത കണക്കിലെടുക്കേണ്ടതാണ്. ടിയാനെ 03.05.2010-ലെ ജി.ഒ (എം.എസ്) 88/2010/തസ്വഭവ നം ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ സ്ഥിരപ്പെടുത്തിയിട്ടുമുണ്ട്. ആകയാൽ ശ്രീ. ചന്ദ്രബാബു വെറും ദിവസവേതനക്കാരനായി കാണാൻ കഴിയാത്ത ജീവനക്കാരൻ തന്നെയാണ്. ടിയാൻ 10 ലക്ഷത്തിലേറെ തുക തിരിമറി നടത്തിയതായി സ്പെഷ്യൽ ഓഡിറ്റിൽ കണ്ടെത്തി. എന്നാൽ ലോക്കൽ ഫണ്ട് ഓഡിറ്റിലോ പെർഫോമൻസ് ഓഡിറ്റിലോ 2005-06 മുതൽ തുടർന്ന് വന്നിരുന്ന ക്രമക്കേട് കണ്ടെത്തിയിട്ടില്ലെന്നതും വസ്തുതയാണ്. പണം തിരിമറിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി സ്വീകരിച്ച 19 പേരിൽ 12 പേരെയും സെൻഷർ നൽകിയോ ഒഴിവാക്കിയോ അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ അപ്പീൽ അപേക്ഷകർ ഉൾപ്പെടെ 7 പേരുടെ മാത്രം 1 വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ 1 വർഷത്തേക്ക് തടഞ്ഞ നടപടി അസമത്വമായി നിലനിൽക്കുന്നു. പഞ്ചായത്തിൽ സമാന്തര പാസ്ബുക്ക് ഉപയോഗിച്ച് ശ്രീ. ചന്ദ്രബാബു ക്രമക്കേട് നടത്തിയതിനാൽ ഇത് കണ്ടെത്താൻ കഴിഞ്ഞില്ല എന്ന വാദവും ഭാഗീകമായി അംഗീകരിക്കാവുന്നതാണ്. മേൽ സാഹചര്യത്തിൽ കരിമ്പ്ര ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി. ജ്യോതി .വി.ജിയുടെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു അച്ചടക്ക നടപടി തീർപ്പാക്കിയ പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം(1) ഉത്തരവ് പുനഃപരിശോധിച്ച് സെൻഷർ നൽകി അപ്പീൽ തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

## ശ്രീമതി. ഷൈനിക്ക് എതിരായ അപ്പീൽ തീർപ്പാക്കൽ

കരിമ്പ്ര ഗ്രാമപഞ്ചായത്തിൽ 13.08.2013 മുതൽ 29.11.2013 വരെ കാഷ്യറുടെ ചുമതല വഹിച്ചിരുന്ന ശ്രീമതി. ഷൈനി ഫണ്ട് തിരിമറി നടത്തുന്നതിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുകയും കാഷ്യറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ ഗുരുതരമായ അലംഭാവവും കൃത്യവിലോപവും വരുത്തിയിട്ടുണ്ടെന്നും ബാങ്കിൽ ഒടുക്കുവാനായി കൊടുത്തുവിട്ട പണം കൃത്യമായി അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ടോയെന്ന് ബാങ്ക് ചെലാനും കൗണ്ടർ ഫോയിലും പാസ്സ്ബുക്കും പരിശോധിച്ച് ഉറപ്പ് വരുത്തുകയോ ചെല്ലാൻ കൗണ്ടർ ഫോയിൽ യഥാവിധി ഫയൽ ചെയ്ത് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല എന്നും സർക്കാർ പണം കൈകാര്യം ചെയ്യുന്നതിൽ തികച്ചും അനാസ്ഥയും അശ്രദ്ധയും വരുത്തിയിട്ടുള്ളതിനാൽ കാഷ്യറുടെ ചുമതല വഹിച്ചിരുന്ന ശ്രീമതി. ഷൈനിയെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും പിന്നീട് സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട് എന്നും പഞ്ചായത്ത് ഡയറക്ടർ കണ്ടെത്തിയിട്ടുണ്ട്. ശ്രീ. ചന്ദ്രബാബുവിന് ഒരു വാർഡിന്റെ കളക്ഷൻ ചുമതല ഉണ്ടായിരുന്നുവെന്ന വസ്തുത കണക്കിലെടുക്കേണ്ടതാണ്. ടിയാനെ 03.05.2010-ലെ ജി.ഒ (എം.എസ്) 88/2010/തസ്വഭവ നം ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ സ്ഥിരപ്പെടുത്തിയിട്ടുമുണ്ട്. ആകയാൽ ശ്രീ. ചന്ദ്രബാബു വെറും ദിവസവേതനക്കാരനായി കാണാൻ കഴിയാത്ത ജീവനക്കാരൻ തന്നെയാണ്. ടിയാൻ 10 ലക്ഷത്തിലേറെ തുക തിരിമറി നടത്തിയതായി സ്പെഷ്യൽ ഓഡിറ്റിൽ കണ്ടെത്തി. എന്നാൽ ലോക്കൽ ഫണ്ട് ഓഡിറ്റിലോ പെർഫോമൻസ് ഓഡിറ്റിലോ 2005-06 മുതൽ തുടർന്ന് വന്നിരുന്ന ക്രമക്കേട് കണ്ടെത്തിയിട്ടില്ലെന്നതും വസ്തുതയാണ്. പണം തിരിമറിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി സ്വീകരിച്ച 19 പേരിൽ 12 പേരെയും സെൻഷർ നൽകിയോ ഒഴിവാക്കിയോ അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ അപ്പീൽ അപേക്ഷകർ ഉൾപ്പെടെ 7 പേരുടെ മാത്രം 1 വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ 1 വർഷത്തേക്ക് തടഞ്ഞ നടപടി അസമത്വമായി നിലനിൽക്കുന്നു.

പഞ്ചായത്തിൽ സമാന്തര പാസബുക്ക് ഉപയോഗിച്ചാണ് ശ്രീ. ചന്ദ്രബാബു ക്രമക്കേട് നടത്തിയത് എന്നതിനാൽ ഇത് കണ്ടെത്താൻ കഴിഞ്ഞില്ല എന്ന വാദവും ഭാഗീകമായി അംഗീകരിക്കാവുന്നതാണ്. മേൽ സാഹചര്യത്തിൽ കരീപ്ര ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി. ഷൈനി യുടെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു അച്ചടക്ക നടപടി തീർപ്പാക്കിയ പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം(1) ഉത്തരവ് പുനഃപരിശോധിച്ച് സെൻഷർ നൽകി അപ്പീൽ തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ.അലക്സാണ്ടർ എം, അക്കൗണ്ടന്റ്, കരീപ്ര ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
2. ശ്രീമതി.രജനി കെ.ആർ, ഹെഡ് ക്ലാർക്ക് , കരീപ്ര ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
3. ശ്രീമതി .ജ്യോതി വി.ജി, സീനിയർ ക്ലാർക്ക്, കരീപ്ര ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
4. ശ്രീമതി.ഷൈനി ഇ, സീനിയർ ക്ലാർക്ക് , കരീപ്ര ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
5. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം
7. ഡയറക്ടർ, എ.ൈ.കെ.എം, തിരുവനന്തപുരം
8. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2021.02.12 11:19:24 IST
Reason: Approved

സെക്ഷൻ ഓഫീസർ